## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *581 | 28.07.2015-ൽ മറുപടിയ്ക്ക്

## തദ്ദേശസ്ഥാപനങ്ങളുടെ വിഭജനവും സംയോജനവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുൻനിർത്തി അശാസ്ത്രീയമായി വിഭജിച്ചും സംയോജിപ്പിച്ചും പുതിയ തദ്ദേശസ്ഥാപനങ്ങൾക്ക് രൂപം നൽകുന്നത് ജനാധിപത്യ വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) | മാനദണ്ഡങ്ങൾക്ക് അനുസൃതമായി രൂപീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചാണ് പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുള്ളത്. |
| ബി) | വിഭജനത്തിനും സംയോജനത്തിനും എന്തെങ്കിലും ശാസ്ത്രീയമായ മാനദണ്ഡം പാലിക്കപ്പെട്ടുകയുണ്ടായോ; | ബി) | പാലിക്കപ്പെട്ടുകയുണ്ടായി. |
| സി) | എത്ര ആക്ഷേപങ്ങൾ ഇക്കാര്യത്തിലുണ്ടായി; ജനാധിപത്യപരമായ തീരുമനങ്ങളോട്ടു കൂടി പരാതികൾ തീർപ്പാക്കാൻ സാധ്യമായിട്ടുണ്ടോ? | സി) | ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ/ കോർപ്പറേഷൻ രൂപീകരണം / വിഭജനം/കൂട്ടിച്ചേർക്കൽ/കുറയ്ക്കൽ തുടങ്ങിയ നടപടികളുടെ ഭാഗമായി 1530 പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികൾ ജനാധിപത്യപരമായ തീരുമാനങ്ങളോട്ടുകൂടി തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പുന:ക്രമീകരണം സംബന്ധിച്ച് പുറപ്പെട്ടുവിച്ചിട്ടുള്ള 35526/ഇഎം3/2015/ തസ്വഭവ നമ്പർ കരട് |

| | | | |
|---|---|---|---|
| | | | വിജ്ഞാപനത്തിൻമേൽ 340 ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ